# നായർ സർവീസ് സൊസൈറ്റി നബാർഡുമായി സഹകരിച്ച് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ ആരംഭിക്കുന്നു

നായർ സർവീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന 19000 വനിതാ സ്വയംസഹായ സംഘങ്ങളിലെ 3.5 ലക്ഷം അംഗങ്ങളിൽ മിക്കവരും കാർഷികമേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനമാണ് കഴിഞ്ഞ 18 വർഷമായി നടത്തിവരുന്നത്. കാർഷിക - കാർഷികാനുബന്ധ മേഖലകളിലെ ഇവരുടെ സജീവ ഇടപെടൽ വനിതകളുടെ സാമ്പത്തികശാക്തീകരണപ്രകിയയ്ക്ക് പുതിയ ഊർജ്ജം പകരാനും കാർഷികമേഖലയിലും കാർഷികാനുബന്ധമേഖലയിലും പ്രകടമായൊരു മുന്നേറ്റം കാഴ്ച്ചവയ്ക്കാനും സാധിച്ചിട്ടുണ്ട്.

കൃഷിയിലും, കൃഷി അനുബന്ധ മേഖലകളിലും ആധുനികകാലത്ത് വലിയ മാറ്റങ്ങൾ ഉണ്ടാകുകയും, പുതിയ സംരംഭങ്ങൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. മാറുന്ന കാലത്തിനനുസരിച്ച് കാർഷികമേഖലയിൽ നൂതന സംരംഭങ്ങൾ ആരംഭിക്കുവാനും സുസ്ഥിര വരുമാനം ഉറപ്പാക്കുവാനും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനിലൂടെ സാധിക്കും.

പാരമ്പര്യമായി കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരെ ഈ മേഖലയിൽ നിലനിർത്തിയും, പുതിയ തലമുറയ്ക്ക് കാർഷിക കാർഷികാനുബന്ധ സംരംഭങ്ങൾ തുടങ്ങുവാൻ പിന്തുണ നല്കിയും അവർക്ക് മെച്ചപ്പെട്ട ഒരു ജീവിതം ഉറപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്ന ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് കാർഷികവൃത്തിയിൽ താല്പര്യമുള്ള സമുദായാംഗങ്ങൾ എല്ലാവരും മുന്നോട്ട് വരുമെന്നു തന്നെയാണ് കരുതുന്നത്.

കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കികൊണ്ട് നബാർഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (FPO). കാർഷിക - കാർഷികാനുബന്ധ മേഖകളിൽ പ്രവർത്തിക്കുന്ന കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനും ആവിഷ്കരിച്ച പദ്ധതിയാണ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ.

നമ്മുടെ സമുദായാംഗങ്ങൾ തലമുറകളായി കൃഷിയോട് ആഭിമുഖ്യം പുലർത്തുന്നവരാണ്. കാർഷിക വിളകളിൽ നിന്നുള്ള ആദായമായിരുന്നു അവരുടെ പ്രധാന വരുമാനമാർഗം. ഭൂപരിഷ്കരണം നിലവിൽ വരുകയും കൂട്ടുകുടുംബവ്യവസ്ഥ ഇല്ലാതാവുകയും, ഭൂമിയുടെ ഉടമസ്ഥാവകാശം കുറയുകയും കാലാവസ്ഥാവ്യതിയാനവും മറ്റും കൃഷിയിൽ നിന്നുള്ള വരുമാനം കുറയുന്നതിന് ഇടവരുത്തി. എന്നാലും കൃഷിയിൽ താൽപര്യമുള്ള അംഗങ്ങൾ കൃഷിയെ ആശ്രയിച്ചാണ് ഇപ്പോഴും ജീവിക്കുന്നത്. മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നില്ലെങ്കിലും പാരമ്പര്യമായി ചെയ്തുവരുന്ന തൊഴിലിൽ നിന്ന് പിൻമാറാൻ പലരും തയ്യാറായിട്ടില്ല. കൃഷി-കൃഷിഅനുബന്ധമേഖലകളിൽ പ്രവർത്തിക്കുന്ന കർഷകർക്ക് മെച്ചപ്പെട്ട ജീവിതം ഉറപ്പാക്കുക എന്നതിന്റെ അടിസ്ഥാനത്തിലാണ് നബാർഡുമായി സഹകരിച്ച് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ ആരംഭിക്കാൻ നായർ സർവീസ് സൊസൈറ്റി തീരുമാനിച്ചത്.